ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേരളം, പശ്ചിമബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വോട്ടെണ്ണൽ മറ്റന്നാൾ. പശ്ചിമ ബംഗാളിലെ 15 ബൂത്തുകളിൽ ഇന്ന് റീപോളിംഗ് നടന്നു.
   Preparations for counting of votes for the assembly elections in Kerala, West Bengal, Assam, Tamil Nadu and Puducherry have been completed. Counting of votes will be held the day after tomorrow. Repolling was held in 15 booths in West Bengal today.

2. ഛത്തീസ്ഗഢിലെ കാങ്കർ-നാരായണൻപൂർ ജില്ലാ അതിർത്തിയിലുണ്ടായ സ്ഫോടനത്തിൽ നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീരമൃത്യു.
   Four security personnel were martyred in a blast on the Kanker-Narayananpur district border in Chhattisgarh.

3. ഓൺലൈൻ എൽപിജി സിലിണ്ടർ ബുക്കിംഗുകളും വിതരണവും വർധിച്ചതായി പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം.

Online LPG cylinder bookings and deliveries have increased, says the Ministry of Petroleum and Natural Gas.

4. പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. യുഎസ് മധ്യസ്ഥതയിലുള്ള വെടിനിർത്തൽ ലംഘിച്ചതായി പരസ്പരം ആരോപിച്ച് ഇസ്രായേലും ഇറാനും.

Tensions continue in West Asia. Israel and Iran accuse each other of violating the US-brokered ceasefire.

5. കേരളത്തിൽ വിവിധ ഇടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത.

Thunderstorms are likely in various places in Kerala until Tuesday.

6. ഐഎസ്എലിൽ ഇൻറർ കാശിക്കെതിരെ, നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് ജയം. ഐപിഎലിൽ ചെന്നൈക്കെതിരെ ടോസ് നേടിയ മുംബൈ ബാറ്റിംഗ് തെരഞ്ഞെടുത്തു.

NorthEast United win against Inter Kashi in ISL. Mumbai won the toss and elected to bat against Chennai in the IPL.

*************************

## Vote counting –Preparation

കേരളം, പശ്ചിമബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ. കേരളത്തിൽ 43 സ്ഥലങ്ങളിലായുള്ള 140 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ നടക്കുക. ആകെ 15,465 ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. എട്ടു മണിക്ക് തപാൽ വോട്ടുകളാണ് ആദ്യം എണ്ണുക. ഇതിന് അര മണിക്കൂറിനു ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണിത്തുടങ്ങും.

**************************

## REV EVE.WB REPOLLING

പശ്ചിമ ബംഗാളിൽ, സൗത്ത് 24 പർഗാനാസ് ജില്ലയിലെ 15 ബൂത്തുകളിൽ ഇന്ന് റീപോളിംഗ് നടന്നു. അഞ്ച് മണി വരെയുള്ള കണക്കുകൾ പ്രകാരം 87 ശതമാനം പോളിംഗ് രേഖപ്പെടുത്തി. മഗ്രഹത് പശ്ചിം മണ്ഡലത്തിലെ 11 ബൂത്തുകളും ഡയമണ്ട് ഹാർബർ മണ്ഡലത്തിലെ നാല് ബൂത്തുകളിലുമാണ് റീപോളിംഗ് നടന്നത്.

**************************

## Om Birla - Parliament Committee

2026-27 വർഷത്തേക്കുള്ള നാല് പാർലമെന്ററി സമിതികളെ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായി കോൺഗ്രസ് എംപി കെ.സി. വേണുഗോപാലിനെ നിയമിച്ചു. 15 ലോക്സഭാ അംഗങ്ങളും 7 രാജ്യസഭാ അംഗങ്ങളും ഉൾപ്പെടുന്നതാണ് ഈ സമിതി. ലോക്സഭയിലെ 30 അംഗങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അധ്യക്ഷനായി ബിജെപി എംപി സഞ്ജയ് ജയ്സ്വാളിനെ നിയമിച്ചു. അടുത്ത വർഷം ഏപ്രിൽ 30 വരെയാണ് സമിതികളുടെ കാലാവധി.

**************************

## PM-LEH RELICS

ഇന്നലെ ബുദ്ധ പൂർണിമ ദിനത്തിൽ ലേയിൽ 'തഥാഗതന്റെ തിരുശേഷിപ്പുകളുടെ പ്രദർശനം' ഉദ്ഘാടനം ചെയ്യാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ തിരുശേഷിപ്പുകൾ കപിലവസ്തുവിലെ പിപ്രഹ്വ സ്തൂപവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പത്തൊൻപതാം

നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ ഖനനം ചെയ്യതാണെന്നും സോഷ്യൽ മീഡിയ പോസ്റ്റിൽ ശ്രീ മോദി പറഞ്ഞു. പ്രദർശനം മെയ് 14 വരെ തുടരും. പിന്നീട് ഇത് സാൻസ്കറിലേക്ക് കൊണ്ടുപോകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*************************

## REV CHATTISGARH-IED BLAST

ഛത്തീസ്ഗഢിലെ കാങ്കർ-നാരായണൻപൂർ ജില്ലാ അതിർത്തിയിലുണ്ടായ സ്ഫോടനത്തിൽ നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീരമൃത്യു. ഒരു ഉദ്യോഗസ്ഥന് പരിക്കേറ്റു. ജില്ലാ റിസർവ് ഗാർഡ് - ഡി ആർ ജി യുടെ നേതൃത്വത്തിൽ ഐഇഡി സ്ഫോടകവസ്തു നിർവീര്യമാക്കുന്നതിനിടെയാണ് സംഭവം. ഡി ആർ ജി ഇൻസ്പെക്ടർ സുഖ്റാം വാട്ടി, കോൺസ്റ്റബിൾമാരായ കൃഷ്ണ കൊമ്ര, സഞ്ജയ് ഗർപാലെ, പർമാനന്ദ് കൊമ്ര എന്നിവരാണ് വീരമൃത്യു അടഞ്ഞത്. കീഴടങ്ങിയ മാവോയിസ്റ്റുകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ബസ്തർ ഡിവിഷനിൽ ധാരാളം ഐഇഡികൾ കണ്ടെടുക്കുകയും നിർവീര്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നതിനിടെയാണ് സംഭവം.

*************************

## NADDA-GUJ VGRS (INTRO)

ഗുജറാത്തിലെ സൂറത്തിൽ നടന്ന വൈബ്രന്റ് ഗുജറാത്ത് മേഖലാ ഉച്ചകോടി സമാപിച്ചു. ഉച്ചകോടിയുടെ ഭാഗമായി 2,792 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

സമാപന സമ്മേളനത്തെ കേന്ദ്രമന്ത്രി ജെ.പി. നദ്ദ അഭിസംബോധന ചെയ്തു. ഇന്ത്യ ആഗോള വിതരണ ശൃംഖലയിലെ തടസ്സങ്ങളെ അവസരങ്ങളാക്കി മാറ്റണമെന്ന് അദ്ദേഹം പറഞ്ഞു. വികസനം യാഥാർഥ്യമാക്കുന്നതിൽ പ്രാദേശിക ഉച്ചകോടികൾ പ്രധാന പങ്ക് വഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വോയിസ്....

*************************

## MEA MoS-US VISIT

രണ്ടാമത് അന്താരാഷ്ട്ര മൈഗ്രേഷൻ അവലോകന ഫോറം ഈ മാസം 4 മുതൽ 8 വരെ അമേരിക്കയിലെ ന്യൂയോർക്കിൽ നടക്കും. ഇതിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് നയിക്കും. ന്യൂയോർക്കിൽ നടക്കുന്ന IMRF ന്റെ പ്ലീനറി സെഷനിൽ അദ്ദേഹം ഇന്ത്യയുടെ ദേശീയ പ്രസ്താവന അവതരിപ്പിക്കും.

**************************

## CNS VISIT-MYANMAR

ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കുമാർ ത്രിപാഠിയുടെ നാല് ദിവസത്തെ മ്യാന്മാർ സന്ദർശനം ഇന്ന് ആരംഭിച്ചു. മ്യാൻമർ പ്രതിരോധ മന്ത്രി, കമാൻഡർ-ഇൻ-ചീഫ്, സായുധ സേനയിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി അഡ്മിറൽ ത്രിപാഠി കൂടിക്കാഴ്ച നടത്തും. സമുദ്ര മേഖലയിലെ സഹകരണം, നാവികസേനകൾ തമ്മിലുള്ള സഹകരണം എന്നിവ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കൂടിക്കാഴ്ചയിൽ ഉണ്ടാകുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

**************************

## REV. INDIA-NEPAL MEETING

കോസി, ഗന്ധക് പദ്ധതികൾ സംബന്ധിച്ച സംയുക്ത സമിതിയുടെ 11-ാമത് യോഗം കാഠ്മണ്ഡുവിൽ തുടരുന്നു. ചർച്ചകളിൽ ഇന്ത്യയിലെയും നേപ്പാളിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കുന്നു. യോഗത്തിൽ വെള്ളപ്പൊക്ക നിയന്ത്രണം, തടയണകളുടെ അറ്റകുറ്റപ്പണി, ജലസേചന സൗകര്യങ്ങളുടെ നടത്തിപ്പ്, മണ്ണൊലിപ്പ് തടയൽ, ജലം സംബന്ധിച്ച അതിർത്തി പ്രശ്നങ്ങൾ എന്നിവയിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

**************************

## MIB-PRASAR BHARTI CHAIRMAN

പ്രസാർ ഭാരതി ചെയർമാനായി ചലച്ചിത്ര - പരസ്യ നിർമ്മാണ മേഖലയിലെ വിദഗ്ധൻ പ്രസൂൺ ജോഷിയെ വാർത്താവിനിമയ പ്രക്ഷേപണ മന്ത്രാലയം

നിയമിച്ചു. പരസ്യം, സാഹിത്യം, കല, സിനിമ എന്നീ മേഖലകളിലൂടെ

ലോകപ്രശസ്തനാണ് ശ്രീ ജോഷിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മുംബൈയിലെ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ ചെയർപേഴ്സണായി പ്രസൂൺ ജോഷി മുൻപ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**************************

## ISRAELI AIRSTRIKES-LEBANON (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം മാറ്റമില്ലാതെ തുടരുന്നു. തെക്കൻ ലെബനനിൽ താൽകാലിക വെടിനിർത്തൽ നിലവിലുണ്ടെങ്കിലും, ഒറ്റപ്പെട്ട സംഘർഷങ്ങൾക്ക് കുറവില്ല.

**ഒരു റിപ്പോർട്ട്..**

(വോയ്സ്)

*വെടി നിർത്തൽ കരാർ നിലനിൽക്കുമ്പോഴും ഇസ്രായേലും ഇറാൻ പിന്തുണയുള്ള സായുധ സംഘമായ ഹിസ്ബുള്ളയും തമ്മിലുള്ള ഏറ്റുമുട്ടൽ തുടരുകയാണ്. തെക്കൻ ലെബനനിൽ, ഇസ്രായേലി വ്യോമാക്രമണങ്ങളിൽ ഏഴ് പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഒമ്പത് ഗ്രാമങ്ങളിലെ താമസക്കാർക്ക് ഒഴിഞ്ഞുപോകാൻ ഇസ്രായേൽ സൈന്യം മുന്നറിയിപ്പ് നൽകിയതിന് തൊട്ടുപിന്നാലെയാണ് ആക്രമണങ്ങൾ നടന്നത്. നബതിഹ് ജില്ലയിൽ നിരവധി തവണ ഇസ്രായേൽ ആക്രമണങ്ങൾ നടത്തിയതായി ലെബനൻ ആരോപിച്ചു. ഡ്രോൺ ആക്രമണങ്ങളിൽ രക്ഷാപ്രവർത്തകർ ഉൾപ്പെടെ നിരവധി പേർക്ക് ജീവഹാനി സംഭവിച്ചതായി ഇറാൻ അധികൃതർ പറഞ്ഞു. അതേസമയം ഹിസ്ബുള്ളയുടെ കേന്ദ്രങ്ങൾ നിർവീര്യമാക്കുന്നതിനാണ് ആക്രമണങ്ങൾ നടത്തിയതെന്ന് ഇസ്രായേൽ പ്രസ്താവിച്ചു. സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും വിശാലമായ സുരക്ഷാ ചർച്ചകൾ സാധ്യമാക്കുന്നതിനും ഉദ്ദേശിച്ച് യുഎസ് മധ്യസ്ഥതയിലുള്ള വെടിനിർത്തൽ ലംഘിച്ചതായി ഇരുപക്ഷവും പരസ്പരം ആരോപിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**************************

## GOVT-WEST ASIA BRIEFING

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കിടയിലും ഗാർഹികാവശ്യങ്ങൾക്കുള്ള LPG വിതരണം 100 ശതമാനം ഉറപ്പാക്കുന്നുണ്ടെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം. ഓൺലൈൻ എൽപിജി സിലിണ്ടർ ബുക്കിംഗുകൾ ഇന്നലെ 99 ശതമാനമായി വർദ്ധിച്ചുവെന്നും ഒടിപി അടിസ്ഥാനമാക്കിയുള്ള ഡെലിവറികൾ 94 ശതമാനത്തിലധികമായി ഉയർന്നതായും മന്ത്രാലയം അറിയിച്ചു.

**************************

## Kerala- Climate

കേരളത്തിൽ വിവിധ ഇടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

**************************

## JITENDRA SINGH-HEATWAVE

ഈ മാസം രാജ്യത്തെ ചില പ്രദേശങ്ങളിൽ സാധാരണയേക്കാൾ ഉയർന്ന താപനിലയും ഉഷ്ണതരംഗ സാഹചര്യങ്ങളും അനുഭവപ്പെടുമെങ്കിലും ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു. എൽ നിനോ–സതേൺ ഓസിലേഷൻ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെന്നും തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് എൽ നിനോ വികസിക്കാൻ സാധ്യതയുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

**************************

## NEET EXAM

മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനത്തിനായുള്ള നീറ്റ് യു.ജി പരീക്ഷ നാളെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കുന്ന പരീക്ഷ വൈകിട്ട് അഞ്ചിന് അവസാനിക്കും.

**************************

## ISL FOOTBALL

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഇൻറർ കാശിയെ പരാജയപ്പെടുത്തി. ഇന്നത്തെ മറ്റൊരു മത്സരത്തിൽ സ്പോർട്ടിംഗ് ക്ലബ്ബ് ഡൽഹി-പഞ്ചാബ് എഫ് സിയെ നേരിടുന്നു.

**************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ടോസ് നേടിയ മുംബൈ ഇന്ത്യൻസ് ബാറ്റിംഗ് തെരഞ്ഞെടുത്തു. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

**************************

## BADMINTON-THOMAS CUP

ഡെൻമാർക്കിലെ ഹോർസെൻസിൽ നടക്കുന്ന തോമസ് കപ്പ് ബാഡ്മിന്റൻ സെമി ഫൈനലിൽ ഇന്ത്യൻ പുരുഷ ടീം ഫ്രാൻസിനെ നേരിടും. ക്വാർട്ടർ ഫൈനലിൽ ചൈനീസ് തായ്പേയിയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചത്. സെമിഫൈനലിൽ എത്തിയതോടെ ഇന്ത്യ മെഡൽ ഉറപ്പാക്കി.

**************************

## Cabinet decisions

വാൽപ്പാറ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് സഹായധനം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. മരണമടഞ്ഞ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത അഞ്ച്പേരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ നൽകും.

**************************

## RACING LEGEND-DEATH

നാല് തവണ ഇറ്റാലിയൻ പാരാലിമ്പിക് സ്വർണ്ണ മെഡൽ ജേതാവും മുൻ ഫോർമുല 1 ഡ്രൈവറുമായ അലക്സ് സനാർഡി അന്തരിച്ചു. അഞ്ച് സീസണുകളിൽ ഫോർമുല 1 ൽ

മത്സരിച്ച അദ്ദേഹത്തിന്, 2001 ൽ
ഉണ്ടായ അപകടത്തിൽ കാലുകൾ നഷ്ടപ്പെട്ടു. തുടർന്നാണ് പാരാലിമ്പിക്സിൽ മത്സരിച്ചത്.

*************************

## IRAN US

ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായി
കടന്നുപോകുന്നതിന് അന്താരാഷ്ട്ര ഷിപ്പിംഗ് കമ്പനികൾ ഇറാന് പണം നൽകിയാൽ ഉപരോധം നേരിടേണ്ടിവരുമെന്ന് അമേരിക്ക മുന്നറിയിപ്പ് നൽകി. പ്രധാന ജലപാതയുടെ
നിയന്ത്രണത്തെച്ചൊല്ലി ഇരു രാജ്യങ്ങളും തമ്മിൽ തുടരുന്ന സംഘർഷങ്ങൾക്കിടയിലാണ് അമേരിക്കയുടെ ഈ നീക്കം. കഴിഞ്ഞ മാസം 13 ന് അമേരിക്ക പ്രദേശത്ത് നാവിക ഉപരോധം
പ്രഖ്യാപിച്ചിരുന്നു.

*************************

********************

*******